പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1376 — 11.06.2019-ൽ മറുപടിക്ക്

## ചൂർണിക്കര വില്ലേജിലെ തണ്ണീർത്തടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ചൂർണിക്കര വില്ലേജിൽ തണ്ണീർത്തടമായി എത്ര നിലമുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജിൽ 80 ഹെക്ടർ തണ്ണീർത്തടവും, 142 ഹെക്ടർ നിലവും ഉണ്ട്. |
| (ബി) പ്രസ്തുത വില്ലേജിൽ എപ്പോഴെങ്കിലും തണ്ണീർത്തടമായിരുന്ന നിലം പുരയിട മാക്കി മാറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര നിലം എപ്പോഴാണ് മാറ്റിയതെന്നും ആരാണ് ഇത് സംബന്ധിച്ച ഉത്തര വിറക്കിയതെന്നും ആരുടെ പേരി ലുണ്ടായിരുന്ന നിലമാണ് ഇത്തരത്തിൽ മാറ്റിയതെന്നും വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) ഇത്തരത്തിലുള്ള കേസുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) ഈ വില്ലേജിലെ 25 സെന്റ് സ്ഥലം നികത്താനായി ഈയടുത്തകാലത്ത് കമ്മീഷണറുടെയും ആർ.ഡി.ഒയുടെയും പേരിൽ വ്യാജ ഉത്തരവ് ഇറക്കി യിട്ടുണ്ടോയെന്നും ആരൊക്കെയാണ് ഈ വ്യാജ ഉത്തരവുണ്ടാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ചതെന്നും വ്യക്തമാക്കാമോ; | (സി) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി നിയമ പ്രകാരം പോലീസ് അന്വേഷണവും, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തിരമുള്ള തുടർ നടപടികളും നടന്നു വരുന്നു. ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണവും നടക്കുന്നുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഇപ്രകാരമുള്ള വ്യാജ ഉത്തരവുകൾ ചമച്ചതിനു പിന്നിൽ പ്രവർത്തിച്ചത് ആരൊക്കെ യാണെന്ന് വ്യക്തമാകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | വ്യാജരേഖ നിർമ്മിക്കുന്ന സംഘത്തിന് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒത്താശ ഉണ്ടെന്നതിന് തെളിവുകളുണ്ടോ യെന്നും ഉണ്ടെങ്കിൽ ഇതിനകം സ്വീകരിച്ചതും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ ശിക്ഷാ നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ; | (ഡി) | പോലീസ് അന്വേഷണത്തിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ അരുണിനെ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു. തുടർ അന്വേഷണം നടന്നു വരുന്നതാണ്. ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ കോടതി മുഖാന്തിരമുള്ള തുടർ നടപടികൾ ഉണ്ടാകുന്നതാണ്. |
| (ഇ) | ചൂർണിക്കര വില്ലേജിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ മറ്റേതെങ്കിലും വില്ലേജിൽ വ്യാജരേഖ നിർമ്മിച്ച തണ്ണീർത്തടമായിട്ടുള്ള നിലം പുരയിടമാക്കിയിട്ടുണ്ടോയെന്ന് സമഗ്രമായ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഇ) | കേരള ഭൂവിനിയോഗ ഉത്തരവ്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം സംസ്ഥാനത്തൊട്ടാകെ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടേറ്റുകൾ, ആർ.ഡി.ഒ ഓഫീസുകൾ എന്നിവിടങ്ങളിൽ 01.01.2018 മുതൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും, നിരസിച്ചതും നിലവിൽ നടപടിയിൽ ഇരിക്കുന്നതുമായ എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**